**GOVERNMENT OF KERALA**

**Abstract**

Govt. Law Officers – Appointment of District Government Pleader & Public Prosecutor, Kozhikode - Orders issued.

**DEPARTMENT**

G.O.(Ms)No.26/2023/LAW Dated,Thiruvananthapuram, 29-03-2023

Read 1 G.O. (P) No. 11/1978/Law dated 25.01.1978.
2 G.O.(Ms). No. 59/2022/Law dtd. 15-11-2022.
3 Letter No. DCKKD/7738/2022-S5 dated 20.12.2022 of the District Collector,Kozhikode.

**ORDER**

Government are pleased to appoint Sri. K.N. Jayakumar, Thumburu House, Pavangad, Puthiyangadi P.O, Kozhikode as the District Government Pleader & Public Prosecutor, Kozhikode for a period of three years from the date of assumption of charge or attainment of 60 years of age, whichever is earlier.

The terms and conditions of service, duties, remuneration etc. of the above Government Law Officer will be as provided in the Kerala Government Law Officers (Appointment and Conditions of Service) and Conduct of Cases Rules, 1978 issued vide G.O. read as 1st paper above, as amended from time to time.

Sri. Jayadeep.M, Additional Govt. Pleader & Additional Public Prosecutor, Additional District & Sessions Court-II, Kozhikode who has been entrusted with the additional charge of District Government Pleader & Public Prosecutor, Kozhikode vide G.O. read as 2nd paper above is hereby directed to hand over the charge to Sri. K.N. Jayakumar immediately.

(By order of the Governor)
V HARI NAIR
LAW SECRETARY

To:

1. Sri. K.N. Jayakumar, Thumburu House, Pavangad, Puthiyangadi P.O, Kozhikode.
2. The District Collector, Kozhikode.
3. The District & Sessions Judge, Kozhikode.
4. The District Law Officer, Kozhikode.
5. The Advocate General, Kerala, Ernakulam.
6. The Registrar General, High Court of Kerala, Ernakulam.
7. The Accountant General (A&E)/ (Audit), Kerala, Thiruvananthapuram.
8. The Secretary, Kerala Legislative Assembly, Thiruvananthapuram.
9. The District Treasury Officer, Kozhikkode.
10. The P.S. to Hon'ble Chief Minister.
11. The P.S. to the Hon'ble Minister (Law, Industries & Coir).
12. G.A. (SC) Department (vide decision of Council of Ministers as - Item No.1453 dated 29-03-2023).
13. The Law (Monitoring Cell) Department.
14. The Law (Nodal) Department.
15. The P.A to Law Secretary.
16. The P.A. to Special Secretary (law).
17. The P.A to Additional Secretary, Law (Inspection) Department.
18. The Director, Web and New Media.
19. Stock File/Office Copy.

Forwarded /By order

Signed by
Asha Padmini
Section Officer
Date: 29-03-2023 18:11:15

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-03-2023

ഫയൽ നം. 75/ഇൻസ്പെ.1/2022/നിയമം

ഇനം നം: 1453

വിഷയം : നിയമ വകുപ്പ് - കോഴിക്കോട് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

1453

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| ഫയൽ നമ്പർ | : | നം. 75/ഇൻസ്പെ.1/2022/നിയമം |
| വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| വിഷയം | : | കോഴിക്കോട് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത് -സംബന്ധിച്ച്. |
| മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 23/03/2023 |
| (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല<br>ഇല്ല |
| മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എൽ.ആർ.രാജീവ് കുമാർ |
| കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. വി. ഹരി നായർ |
| മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27/03/2023 |
| കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27 /03/2023 |
| കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.രാജീവ് |
| മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27/03/2023 |
| കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28/03/2023 |
| മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കോഴിക്കോട് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേയ്ക്ക് നിയമിക്കുന്നതിന് വേണ്ടിയുള്ള യോഗ്യരായ അഭിഭാഷകരുടെ ഒരു പാനൽ കോഴിക്കോട് ജില്ലാ കളക്ടർ 20.12.2022 തീയതിയിലെ ഡിസികെകെഡി/7738/2022-എസ്5 നമ്പർ കത്ത് മുഖേന സർക്കാരിലേയ്ക്ക് അയച്ചു തന്നിട്ടുള്ളതും ആയത് അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുള്ളതുമാകുന്നു.

3. ടി പാനലിൽ ഉൾപ്പെട്ട എല്ലാ അഭിഭാഷകരെക്കുറിച്ചും ജില്ലാ ജഡ്ജിയുമായും ജില്ലാ പോലീസ് മേധാവിയുമായും കൂടിയാലോചന നടത്തിയിട്ടുള്ളതായും ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു.

4. 1978-ലെ കേരളാ ഗവൺമെന്റ് ലാ ഓഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങളിലെ ചട്ടം 8(2)(സി)യിൽ ഇപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു:-

"In preparing the panel, the District Collector shall not include the name of any Advocate whose name was not included in the list prepared by him under clause (a) or whose name was specifically disapproved by the District and Sessions Judge on specific grounds."

കൂടാതെ, പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 8 (2)(d) യിൽ the character and antecedents of all persons included in the panel shall be got verified through the concerned Superintendent of Police എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

5. സംസ്ഥാനത്തെ എല്ലാ ജില്ലയിലേയ്ക്കുമുള്ള പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും നിയമനം ക്രിമിനൽ പ്രൊസിഡ്യൂർ കോഡ് 1973-ലെ 24-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം കർശനമായി പാലിക്കേണ്ടതാണെന്ന് ഓമനക്കുട്ടൻ നായർ vs. സ്റ്റേറ്റ് ഓഫ് കേരളയിൽ (2003 (1)KLT 226) ബഹു. ഹൈക്കോടതി കോടതി നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് 26.04.2012-ലെ SLP(C) No-22770-22774/2002 വിധി പ്രകാരം സുപ്രീം കോടതി സ്ഥിരീകരിച്ചിട്ടുള്ളതുമാണ്.

6. 1978-ലെ കേരളാ ഗവൺമെന്റ് ലാ ഓഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമിക്കുന്നത് 3 വർഷ കാലയളവിലേക്കോ അല്ലെങ്കിൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെയോ ഏതാണോ ആദ്യം അതുവരെയാണ്.

7. ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നത് മന്ത്രിസഭായോഗ തീരുമാനത്തിലൂടെയാണ്.

8. മേൽ സാഹചര്യത്തിൽ, കോഴിക്കോട് ജില്ലാ കളക്ടർ 20.12.2022 തീയതിയിലെ ഡിസികെകെഡി/7738/2022-എസ്5 നമ്പർ കത്ത് മുഖാന്തിരം അയച്ച തന്ന അഭിഭാഷകരുടെ പാനലിൽ നിന്നും കോഴിക്കോട് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്താവുന്നതാണോ എന്ന വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ടി പാനലിലെ ക്രമ നമ്പർ 4 ആയ ശ്രീ. കെ.എൻ. ജയകുമാർ, തമ്പുരു ഹൗസ്, പാവങ്ങാട്, പുതിയങ്ങാടിപി.ഒ, കോഴിക്കോട് എന്ന അഭിഭാഷകനെ നിയമിക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. നിയമ മന്ത്രി ശിപാർശ ചെയ്തിരുന്നതും ആയതിന് ബഹു. മുഖ്യമന്ത്രി 23.03.2023 തീയതിയിൽ അനുമതി നൽകിയിട്ടുള്ളതുമാണ്.

## തീരുമാനിക്കേണ്ട സംഗതി

കോഴിക്കോട് ജില്ലാ കളക്ടർ 20.12.2022 തീയതിയിലെ ഡിസികെകെഡി/7738/2022-എസ്5 നമ്പർ കത്ത് മുഖാന്തിരം അയച്ച തന്ന പാനലിലെ ക്രമ നമ്പർ 4 ആയ ശ്രീ. കെ.എൻ. ജയകുമാർ, തമ്പുരു ഹൗസ്, പാവങ്ങാട്, പുതിയങ്ങാടി പി.ഒ, കോഴിക്കോട് എന്ന അഭിഭാഷകനെ കോഴിക്കോട് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേയ്ക്ക് മൂന്ന് വർഷ കാലയളവിലേക്കോ അല്ലെങ്കിൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിയമിക്കാവുന്നതാണോ ?